കൊയിലാണ്ടി, കുറ്റ്യാടി, സബ്സ്റ്റേഷനുകളുടെ നിർമ്മാണം

1256. (1891) ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് റൂറൽ ഡിവിഷനിലെ കൊയിലാണ്ടി–കുറ്റ്യാടി സബ്സ്റ്റേഷനുകളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കൊയിലാണ്ടി 110 കെ. വി. സബ്സ്റ്റേഷനുവേണ്ടിയുള്ള 1.5 ഹെക്ടർ സ്ഥലം പൊന്നും വിലയ്ക്ക് എടുത്തു കഴിഞ്ഞു. സബ്സ്റ്റേഷന്റെ പണികൾ അടുത്ത സാമ്പത്തികവർഷം പൂർത്തിയാകത്തക്ക വിധത്തിൽ പുരോഗമിച്ചു വരുന്നു.

കുറ്റ്യാടിയിൽ 110 കെ. വി. സബ്സ്റ്റേഷൻ പണിയുന്നതിനുള്ള 4 ഏക്കർ 77 സെന്റ് സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. സ്ഥലത്ത് കൈവശാവകാശംനേടി സബ്സ്റ്റേഷൻ നിർമ്മാണം തുടങ്ങാനുള്ള നടപടികൾ എടുത്തുവരികയാണ്

വിദ്യുച്ഛക്തി ബോർഡിലെ ലൈൻമാൻമാർ

1257. (1892) ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ ആകെ എത്ര ലൈൻമാൻമാരുണ്ട് ;

(ബി) ഉപഭോക്താക്കളുടെയും ലൈൻമാൻമാരുടേയും അനുപാതക്രമമെന്താണ് ;

(സി) താമരശ്ശേരി, മുക്കം, തിരുവമ്പാടി എന്നീ സെക്ഷനുകളിലോരോന്നിലും എത്രവീതം ഉപഭോക്താക്കൾ ഉണ്ട് ; അവിടെയുള്ള ലൈൻമാൻമാർ എത്ര ;

(ഡി) അനുപാതക്രമമനുസരിച്ച് ലൈൻമാൻമാർ ഇല്ലാത്തിടത്ത് 30-11-1986-നു മുൻപായി ലൈൻമാൻമാരെ നിയമിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) പുതിയ ദീർഘകാല കരാർ അനുസരിച്ച് വിദ്യുച്ഛക്തി ബോർഡിൽ ഇപ്പോൾ ലൈൻമാൻ എന്ന തസ്തികയില്ല. 'ലൈൻമാൻ ഗ്രേഡ് സെക്കൻഡ്' ഓവർസീയർ എന്നീ തസ്തികകൾ ഒരുമിച്ച് ഓവർസീയർ എന്ന പുതിയ തസ്തികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ ആകെ 2449 ഓവർസീയർമാരുണ്ട്.

(ബി) ഉപഭോക്താക്കൾക്കും ഓവർസീയർമാർക്കും തമ്മിൽ അനുപാതക്രമമില്ല. എന്നാൽ ഓരോ സെക്ഷനിലും രണ്ട് ഓവർസീയർമാർ വീതം വേണമെന്ന് വ്യവസ്ഥയുണ്ട്.

(സി) താമരശ്ശേരി, മുക്കം, തിരുവമ്പാടി എന്നീ സെക്ഷനുകളിലോരോന്നിലും യഥാക്രമം 4615, 3380, 2540 ഉപഭോക്താക്കൾ വീതമുണ്ട്. ഇപ്പോൾ താമരശ്ശേരിയിൽ ആറും മുക്കത്ത് അഞ്ചും തിരുവമ്പാടിയിൽ നാലും വീതം ഓവർസീയർമാരുണ്ട്.

(ഡി) എല്ലാ സെക്ഷനുകളിലും ആവശ്യാനുസരണം ഓവർസീയർമാർ ഉള്ളതുകൊണ്ട് ഇനിയും നിയമനം നടത്തേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly